"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല — പേരാവൂർ ഗ്രാമപഞ്ചായത്ത് - 2009-10 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.11 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്

സ.ഉ.(സാധാ) നം.1931/2025/LSGD തീയതി,തിരുവനന്തപുരം, 05-08-2025

---

പരാമർശം:-
1. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 03.02.2022 ലെ പി എ എൻ/1505/2022- എം3 ( ഡി പി ) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 15.05.2024 ലെ ഡി.കെ.എസ്.എ 1210/പി.റ്റി3 /2022 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിൽ ഹെഡ്മാസ്റ്റർ ഇംപ്ലിമെന്റിങ്ങ് ഓഫീസറായി നടപ്പാക്കിയ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി വായനശീലം വർദ്ധിപ്പിക്കുവാൻ ദേശാഭിമാനി പത്ര വിതരണം നടത്തുന്നതിന് മുൻകൂറായി നൽകിയ 25,000/- രൂപ 2009-10 വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് ഖണിക 3-11 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ ) ഡയറക്ടർ പരാമർശം (1) പ്രകാരം ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ പരാമർശ പദ്ധതി നടപ്പാക്കിയതിലൂടെ കുട്ടികളുടെ വിജയം ശരാശരി 90 ശതമാനത്തോളം കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്നും സദുദ്ദേശത്തോടു കൂടി മാത്രം നടപ്പിലാക്കിയ ഈ പദ്ധതി സർക്കാരിനോ പഞ്ചായത്തിനോ സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ലെന്നു ഗ്രാമപഞ്ചായത്ത് ഭരണ സമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതും, സർക്കാർ സാധുകരണം നൽകുന്നതിനായി കണ്ണൂർ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ ചെയ്തിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ ) പരാമർശം (1) പ്രകാരം ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3. പദ്ധതി നടപ്പാക്കിയതിന്റെ ഫലമായി എസ്.എസ്.എൽ.സി യിൽ മികച്ച വിജയം കൈവരിക്കാൻ സാധിച്ചിട്ടുള്ളതിനാലും സർക്കാർ സാധുകരണത്തിന് ശിപാർശ ചെയ്യാൻ 23.11.2021 ന് ചേർന്ന ഓഡിറ്റ് മോണിറ്ററിംഗ് സമിതി യോഗം തീരുമാനിച്ചിട്ടുള്ളതിനാലും സദുദ്ദേശത്തോടെ നടപ്പാക്കിയ പദ്ധതിയുടെ ഫലമായി ലക്ഷ്യം കൈവരിച്ചിട്ടുള്ളതിനാലും പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-11 ൽ പരാമർശിച്ചിട്ടുള്ള ചെലവിന്

സാധൂകരണം നൽകുന്നതിന് ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്നു പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ധനകാര്യ വകുപ്പിന്റെ 12.04.06 ലെ സ.ഉ(പി)177/06 ലെ ഖണ്ഡിക 62-ൽ അഞ്ച് ഇനങ്ങൾക്കൊഴികെ, ബാക്കി അവസരങ്ങളിൽ വികസന ഫണ്ട് മുൻകൂറായി ചെലവ് ചെയ്യണമെങ്കിൽ സർക്കാറിന്റെ അനുമതി ആവശ്യമാണ്. ആയതിനാൽ സർക്കാർ അനുമതിയില്ലാതെ ചെലവ് ചെയ്തതിന് സാധുകരണം വാങ്ങുന്നതിനായി ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ ) ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കണ്ണൂർ ജില്ലയിലെ പേരാവൂർ ഗ്രാമപഞ്ചായത്തിന്റെ 2009-10 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-11 പ്രകാരം തടസ്സപ്പെടുത്തിയ **25,000/-/- രൂപയുടെ (ഇരുപത്തി അയ്യായിരം രൂപ മാത്രം)** ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

GANGA G R

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, പേരാവൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ

അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/80/2022-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jayakrishnan. K
Date: 07-08-2025 11:01:42

സെക്ഷൻ ഓഫീസർ